(സി) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് 220 കെ.വി. സബ്സ്റ്റേഷൻ പരിസരത്തുള്ള 5 ഏക്കർ സ്ഥലത്ത് 1 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2015 ജൂലൈ മാസത്തോടെ പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

പാലക്കാട് ജില്ലയിലെ അഗളി ചാലയൂർ ടൈബൽ കോളനിയിലെ വീടുകൾക്ക് മുകളിൽ 96 കിലോവാട്ട് സ്ഥാപിതശേഷിയുള്ള റൂഫ് ടോപ്പ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി 2015 നവംബർ മാസത്തോടെ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. തൃശ്ശൂർ ജില്ലയിലെ പൊരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിയുടെ പവർ ഹൗസിന് മുകളിൽ 50 കിലോവാട്ട് സൗരോർജ്ജ പദ്ധതി 2015 ജൂലൈ മാസത്തോടുകൂടി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. ഡി.ഡി.ജി. പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലുള്ള അഞ്ച് ഗ്രാമങ്ങൾ വൈദ്യുതീകരിക്കുന്നതിനായി 47 കിലോവാട്ടിന്റെ സൗരോർജ്ജ പദ്ധതി 2015 ഡിസംബർ മാസത്തോടുകൂടി പദ്ധതി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ എൻ.എച്ച്.പി.സി.-യുമായി കേരള സർക്കാർ 1-6-2014-ൽ ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇതിൻ പ്രകാരം ആദ്യഘട്ടത്തിൽ 82 മെഗാവാട്ട് കാറ്റാടി വൈദ്യുത പദ്ധതി പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിലായി സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കാസർഗോഡ് വൈദ്യുതി ഭവൻ നിർമ്മാണം

34(2022) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് വൈദ്യുതിഭവന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഇതിന് എവിടെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത് ; ഇതിനു വേണ്ടി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് ;

(ബി) വൈദ്യുതിഭവൻ നിർമ്മാണത്തിന്റെ കരാർ ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഇതിന്റെ നിർമ്മാണം പൂർത്തിയായാൽ ഏതെല്ലാം ഓഫീസുകളാണ് ഇവിടെ പ്രവർത്തിക്കുക എന്ന് വിശദമാക്കാമോ ;

(സി) വൈദ്യുതിഭവൻ ഇല്ലാത്തതുകൊണ്ട് കാസർഗോഡ് ജില്ലയിൽ ഏതെല്ലാം ഓഫീസുകളാണ് ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ; വൈദ്യുതിഭവൻ നിലവിൽ വന്നാൽ പ്രസ്തുത ഇനത്തിൽ സർക്കാരിന് എത്ര രൂപ ലാഭമുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് വൈദ്യുതി ഭവൻ നൂതന സാങ്കേതികവിദ്യയായ പ്രീഫാബ് ടെക്നോളജി ഉപയോഗിച്ച് നിർമ്മിക്കുവാൻ പ്ലാൻ തയ്യാറാക്കുന്നതിനായി ബോർഡ് എം-പാനൽ ചെയ്ത ആർക്കിടെക്ചറൽ കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കാസർഗോഡ് വിദ്യാനഗറിൽ സ്ഥാപിതമായ 110 കെ.വി. സബ്സ്റ്റേഷന്റെ പടിഞ്ഞാറുഭാഗത്തായി ഒഴിഞ്ഞുകിടക്കുന്ന ഭൂമിയാണ് പ്രസ്തുത വൈദ്യുതി ഭവൻ നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

വിശദമായ പ്ലാൻ അംഗീകരിച്ചശേഷംമാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കാനാവുകയുള്ളൂ.

(ബി) പ്രീഫാബ്രിക്കേറ്റഡ് രീതിയിലുള്ള ആർക്കിടെക്ചറൽ പ്ലാൻ ലഭിച്ചശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകിയശേഷം ടെണ്ടർ നടപടികൾ പ്രകാരം കരാർ ഉറപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

താഴെപ്പറയുന്ന ഓഫീസുകളാണ് ഇപ്പോൾ പ്രസ്തുത കെട്ടിടത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് :

1. ഇലക്ട്രിക്കൽ സർക്കിൾ, കാസർഗോഡ്
2. ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കാസർഗോഡ്
3. സബ് സ്റ്റേഷൻ സബ് ഡിവിഷൻ, കാസർഗോഡ്
4. ഡിസ്ട്രിബ്യൂഷൻ സർക്കിൾ സ്റ്റോർ
5. എ.പി.റ്റി.എസ്. ഓഫീസ്
6. മീറ്റർ ടെസ്റ്റിംഗ് യൂണിറ്റ്
7. ആർ.എ.ഒ. ഓഫീസ്
8. റ്റി.എം.ആർ. സബ് ഡിവിഷൻ
9. ട്രാൻസ്മിഷൻ ഡിവിഷൻ, കാസർഗോഡ്

കൂടാതെ ട്രാൻസ്മിഷൻ സർക്കിൾ, കാസർഗോഡും അതോടനുബന്ധിച്ച് ലൈൻ മെയിന്റനൻസ് സബ് ഡിവിഷൻ, റിലേ സബ് ഡിവിഷൻ എന്നിവയും പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യം പ്രസ്തുത കെട്ടിടത്തിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി)

(1) ഇലക്ട്രിക്കൽ സർക്കിൾ, കാസർഗോഡ്, (2) റീജിയണൽ ആഡിറ്റ് ഓഫീസ്, കാസർഗോഡ്, (3) നോഡൽ ഓഫീസ്, കാസർഗോഡ്, (4) ഇലക്ട്രിക്കൽ ഡിവിഷൻ, കാസർഗോഡ്, (5) ഇലക്ട്രിക്കൽ സെക്ഷൻ, കാസർഗോഡ് എന്നീ ഓഫീസുകൾ കാസർഗോഡ് പ്രദേശത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. ഇവയ്ക്ക് നിലവിൽ 37,546 രൂപ പ്രതിമാസ വാടക നൽകുന്നു. ടി വൈദ്യുതി ഭവനം നിലവിൽ വന്നാൽ ടി വാടക ഇനത്തിൽ ഒഴിവാക്കാവുന്നതാണ്.

ജലവൈദ്യുത പദ്ധതികൾ

35(2023) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് നടപ്പിലാക്കുന്ന ജല വൈദ്യുത പദ്ധതികൾക്കായി 2014-15 ബഡ്ജറ്റിൽ എത്ര തുക നീക്കി വയ്ക്കുകയുണ്ടായി ; എത്ര തുക ചെലവഴിക്കുകയുണ്ടായി ;

(ബി) ഏതെല്ലാം പദ്ധതികൾക്ക് എന്തെല്ലാം ആവശ്യങ്ങൾക്കായി എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ 2014-15 ബഡ്ജറ്റിൽ 199.95 കോടി രൂപ നീക്കിവച്ചിരുന്നു. ഇതിൽ 161.02 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 2014-15 കാലഘട്ടത്തിൽ നിർമ്മാണത്തിലിരുന്ന 13 ജലവൈദ്യുത പദ്ധതികൾക്കായി 140.35 കോടിരൂപയും പുതിയ ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാനായി 20.67 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ

36(2024) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ പൂഴികോൺ പട്ടികജാതി കുടിവെള്ള പദ്ധതിക്ക് വൈദ്യുതികണക്ഷൻ നൽകുന്നത് സംബന്ധിച്ച് നൽകിയിരുന്ന പരാതിയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly